പ്രഖ്യാപനങ്ങളിലെ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഉന്നതവിദ്യാഭ്യാസം, കൃഷി, ഗതാഗതം, ടൂറിസം, ഇൻഫർമേഷൻ ടെക്നോളജി എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരുമായി 8-1-2000 ത്തിന് ചർച്ച നടത്തുകയുണ്ടായി. ഇതനുസരിച്ച് മേൽസൂചിപ്പിച്ച വകുപ്പുകൾ പ്രധാനമന്ത്രി പ്രഖ്യാപിച്ച ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനായി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ഈ കാര്യം പാർലമെന്റിൽ ഉന്നയിക്കുന്നതിനും നേടിയെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ പാർലമെന്റംഗങ്ങളോട് 12-2-2001 ന് കൂടിയ യോഗത്തിൽ മുഖ്യമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കോക്കനട്ട് ടെക്നോളജി മിഷൻ ആരംഭിക്കുന്നതു സംബന്ധിച്ച് ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചുകൊടുത്തിട്ടുണ്ട്. കേരളത്തിലെ വിനോദ സഞ്ചാര വികസനത്തിനായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി പ്രധാനമന്ത്രി കേന്ദ്രസഹായം വാഗ്ദാനം ചെയ്തതിനെത്തുടർന്ന് കേരളത്തിലെ ഉൾനാടൻ ജലാശയങ്ങളെ പരസ്പരം ബന്ധിപ്പിച്ചുകൊണ്ട് തിരുവനന്തപുരം മുതൽ കാസർകോഡ് വരെ സഞ്ചരിക്കാൻ പാകത്തിൽ ഒരു ജലപാത സജ്ജീകരിക്കുന്നതിനായി 154.67 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന ഒരു പദ്ധതി തയ്യാറാക്കി ടൂറിസം വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. കാർഷിക മേഖലയിലും മറ്റ് മേഖലയിലും പ്രധാനമന്ത്രി പ്രഖ്യാപിച്ച പാക്കേജ് നടപ്പിലാക്കുന്നതുമൂലം നാടിന്റെ സമഗ്രമായ വികസനം പ്രതീക്ഷിക്കുകയാണ്.

ശ്രീ. ജി. സുധാകരൻ : സർ, ഞാൻ ഉന്നയിച്ച ഈ പ്രമേയത്തിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ കേരള ജനതയ്ക്ക് ഇത് നടപ്പിലാക്കുമെന്ന വാഗ്ദാനം പാലിക്കണമെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയോട് ഒരു പ്രത്യേക പ്രമേയത്തിലൂടെ ആവശ്യപ്പെടാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ ?

ശ്രീ. ഇ. കെ. നായനാർ : തീർച്ചയായും അതു ചെയ്യും.

III സബ്മിഷൻ

(1) ജവാന്മാർക്ക് ഭൂമി പതിച്ചുനൽകുന്നതിന് വരുമാന പരിധി ഉയർത്തേണ്ടത് സംബന്ധിച്ച്

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : സർ, സായുധസേനയിൽ സേവന മനുഷ്ഠിക്കുന്ന രാജ്യത്തിന്റെ മക്കളായ പട്ടാളക്കാർക്ക് ഭൂമി പതിച്ച് കൊടുക്കുന്നതിനുള്ള വ്യവസ്ഥ കേരളത്തിലുണ്ട്. പക്ഷേ വർഷങ്ങളായിട്ട് അപേക്ഷ നൽകിയിട്ട് അത് പരിഗണിക്കാൻ സാധിക്കാത്ത നിലയാണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. റവന്യൂ വകുപ്പാണ് ഭൂമി വിതരണം ചെയ്യുന്നത്. ഭൂമി വിതരണം ചെയ്യാൻ സാധിക്കാത്ത പ്രധാനപ്പെട്ട കാരണം അവരുടെ വരുമാന പരിധിയുടെ പ്രശ്നമാണ്. ഇപ്പോൾ വരുമാനം തീരുമാനിച്ചിട്ടുള്ളത് പതിനായിരം രൂപയാണ്. സായുധ സേനയിൽ അംഗമായി ചേരുന്ന ആദ്യ വർഷംതന്നെ മിക്കവാറും എല്ലാ ജവാൻമാർക്കും അയ്യായിരത്തിൽ കവിയാത്ത സംഖ്യ ശമ്പളമായി ലഭിക്കുന്നുണ്ട്. അപ്പോൾ പതിനായിരം രൂപയെന്ന് നിശ്ചയിക്കുമ്പോൾ സായുധസേനയിൽ ഇന്ന് ജോലി

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുകൊണ്ടിരിക്കുന്ന ആർക്കും അപേക്ഷ കൊടുക്കാൻ സാധിക്കാത്ത നിലയാണുള്ളത്. അതുകൊണ്ട് അടിയന്തിരമായി പതിനായിരം രൂപയെന്നുള്ള വരുമാന പരിധി ഉയർത്തി ഏറ്റവും ചുരുങ്ങിയത് ഒരു ലക്ഷം രൂപയെങ്കിലും ആക്കിയാൽ മാത്രമേ ഭൂമി ഇല്ലാത്തവർക്ക് ഭൂമിക്കുവേണ്ടി അപേക്ഷിക്കാൻ സാധിക്കുകയുള്ളു. അതുകൊണ്ട് അടിയന്തിരമായി പതിനായിരം രൂപയെന്നുള്ള വരുമാന പരിധി, ഒരു ലക്ഷമായി ഉയർത്തി അവർക്ക് ഭൂമി വിതരണം ചെയ്യുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, സായുധ സേനയിൽ സേവനമനുഷ്ഠിക്കുന്ന ജവാൻമാർക്ക് സർക്കാർ ഭൂമി പതിച്ചു നൽകുന്ന പദ്ധതി പ്രകാരം പട്ടാളസേവനത്തിൽ ഉള്ളവർക്കും ഉണ്ടായിരുന്നവർക്കും പതിനായിരം രൂപ വാർഷികവരുമാനം എന്ന പരിധി നിശ്ചയിച്ചിട്ടുണ്ട്. സൗജന്യ ഭൂമി പതിവിനുള്ള വാർഷിക വരുമാന പരിധി മുപ്പതിനായിരം രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. ഇതനുസരിച്ച് 1964 - ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. വാർഷിക വരുമാനപരിധി ഒരു ലക്ഷം രൂപയാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(2) എറണാകുളം ജില്ലയിലെ പുത്തോട്ടയിലെ ഷീജ എന്ന സ്ത്രീയുടെ കുടുംബത്തിനെതിരെ നടന്ന അക്രമം

ശ്രീ. പി. രാഘവൻ : സർ, എറണാകുളം ജില്ലയിൽ തൃപ്പൂണിത്തുറ ഹിൽ പാലസ് പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട അന്തരിച്ച ഷീജ എന്ന പെൺകുട്ടിയുടെ കുടുംബം അനുഭവിക്കുന്ന പീഡനത്തെക്കുറിച്ചാണ് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. 1992 ഡിസംബർ മാസം 8-ാം തീയതി എറണാകുളത്തെ പുത്തോട്ട ചെട്ടിയാത്തുവിള വീട്ടിൽ ശങ്കുണ്ണിയുടെ മകൾ ഷീജ എന്ന ബധിരയും മൂകയുമായ പെൺകുട്ടിയെ പ്രമാണിമാരായ പത്തോളം പേർ ചേർന്ന് ക്രൂരവും പൈശാചികവുമായി ബലാൽസംഗം ചെയ്തു. ഷീജയുടെ അച്ഛൻ ആശുപത്രിയിൽ കിടന്ന സമയത്തായിരുന്നു ആ സംഭവം. അദ്ദേഹം മരണമടയുകയും ചെയ്തു. ആരോടെങ്കിലും പറഞ്ഞാൽ കൊന്നു കളയുമെന്ന് ഭീഷണിപ്പെടുത്തിയതിനാൽ കുട്ടി ആരോടും ഇക്കാര്യം പറഞ്ഞില്ല. ഷീജ പാവപ്പെട്ട കയർ തൊഴിലാളി കുടുംബത്തിലെ അംഗമായിരുന്നു. ഷീജ ഗർഭിണിയായി. കായലിൽ ചാടി മരിക്കാൻ ശ്രമിച്ചപ്പോൾ മീൻ പിടിത്തക്കാർ കുട്ടിയെ രക്ഷിച്ചു. ഇതിനിടയിൽ ഡൽഹിയിൽ ചെറിയ ഒരു ജോലിയുണ്ടായിരുന്ന ഷീജയുടെ സഹോദരൻ വിവരമറിഞ്ഞ് നാട്ടിലെത്തി. തന്റെ സഹോദരിക്കെതിരെ നടക്കുന്ന അക്രമങ്ങളെ എതിർത്തപ്പോൾ അദ്ദേഹത്തെ റോഡിൽവച്ച് കൊല്ലുകയാണുണ്ടായത്. ബലാൽസംഗത്തെക്കുറിച്ച് പരാതികൊടുക്കാൻ ചെന്ന ഷീജയോടും അമ്മയോടും ഹിൽ പാലസ് പോലീസ് സ്റ്റേഷനിലെ എസ്. ഐ. അപമര്യാദയായിട്ടാണ് പെരുമാറിയത്. പോലീസുകാരുടെ സഹായത്തോടെയാണ് ഈ ക്രൂരസംഭവങ്ങളെല്ലാം നടന്നത്. സഹോദരന്റെ കൊലപാതകം നടന്നതിന്റെ പിറ്റേദിവസം ഹതഭാഗ്യയായ ആ പെൺകുട്ടി ആത്മഹത്യ ചെയ്തു. ഷീജയെ ബലാൽസംഗം ചെയ്തവർക്കെതിരെ പോലീസ് കേസെടുത്തില്ല. ഇതു സംബന്ധിച്ച് പബ്ലിക് പ്രോസിക്യൂട്ടറോട് നിയമോപദേശം തേടിയപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly